# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**
**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/1144/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയതി: 07/03/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 11/1144/2022 തീയ്യതി: 07/03/2023

# കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കിഷോർ തോമസ് | ഡെപ്യൂട്ടി ഡയരക്ടർ(ഹ.ഗ്രേ.) | 25-11-2022 | 02-12-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2022 | 02-12-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനീത് കുമാർ.കെ.പി , ഓഡിറ്റ് ഓഫീസർ
തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബാബു.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുഞ്ഞികൃഷ്ണൻ.കെ.സി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഹരിവേണുഗോപാലൻ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ടി.കെ.രവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഷീല.പി.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| മനോജ്.എൻ | സെക്രട്ടറി | 07-04-2021 | 01-09-2021 |
| ഷീല.പി.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-09-2021 | 16-09-2021 |
| മനോജ്.എൻ | സെക്രട്ടറി | 17-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീല.പി.യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഉമേഷ്.കെ.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഹരിത.കെ.വി | കൃഷി ഓഫീസർ | 01-04-2021 | 24-06-2021 |
| നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 25-06-2021 | 31-03-2022 |
| ഡോ.രേണു.കെ.രാജ് | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| നിഷ നമ്പപൊയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-11-2021 |
| സുമ.പി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |
| ടെസ്സി.വി.ജെ | പ്രധാനധ്യാപിക | 01-04-2021 | 03-06-2021 |
| ജോയിസ് ജോസഫ് | പ്രധാനധ്യാപകൻ | 04-06-2021 | 31-03-2022 |
| ഡോ.ജിഷ മുങ്ങത്ത് നായർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.രാജേഷ് കരിപ്പത്ത് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.പത്മേക്ഷണൻ.കെ.പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ശാലിനി.കെ | ഡയറി ഫാം ഇൻസ്ട്രക്ടറുടെ അധിക ചുമതല | 01-04-2021 | 23-05-2021 |
| പ്രശാന്ത്.പി.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-05-2021 | 22-07-2021 |
| ശ്രീജിത്ത്.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 23-07-2021 | 31-03-2022 |
| പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്ക്-അപാകതകൾ | 1-2-1 |
| 3 | ട്രഷറി/ ബാങ്ക് റീ കൺസിലേഷൻ അപാകതകൾ | 1-2-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 5 | ബാലൻസ് ഷീറ്റ് ബാധ്യതയിൽ ഉൾപ്പെട്ട തുകകൾ- സംബന്ധിച്ച് | 1-2-3 |
| 6 | മറ്റ് അപാകതകൾ | 1-2-4 |
| 7 | സാംഖ്യ - ILGMS പോർട്ടിംഗ് | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . | 1-10 |
| 16 | നിയമാനുസൃത പെർമ്മിറ്റ് ഫീസ് അടവാക്കാത്ത കെട്ടിടത്തിനു കെട്ടിട നമ്പർ അനുവദിച്ചു. | 1-11 |
| 17 | തെരുവ് നായ നിയന്ത്രണ പദ്ധതി വിഹിതം നൽകിയത് വിനിയോഗിച്ചിട്ടില്ല | 1-12 |
| 18 | തുക നൽകി ഒരുവർഷമായിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല. | 1-13 |
| 19 | വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-14 |
| 20 | ജല നിധി പദ്ധതി - കുടിവെള്ളമില്ലാതെ 18 പദ്ധതികൾ | 1-15 |
| 21 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-16 |
| 22 | എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-17 |
| 23 | തുക മുൻകൂറായി നൽകിയെങ്കിലും MGLC കൂളിപ്പാറയ്ക്ക് പ്രിന്റർ ലഭ്യമാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു. | 1-18 |
| 24 | തുക മുൻകൂറായി നൽകിയിട്ടും ഹോമിയോ മരുന്ന് ലഭിക്കുന്നതിൽ കാലതാമസം | 1-19 |
| 25 | നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. | 1-20 |
| 26 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-21 |
| 27 | അങ്കണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി. | 1-22 |
| 28 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് /ബത്ത - അധികം തുക വിതരണം ചെയ്തു. | 1-23 |
| 29 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ- കണക്കുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. | 1-24 |
| 30 | പരപ്പ ബസ് സ്റ്റാന്റ് കം ഷോപ്പിങ്ങ് കോംപ്ലക്സ് പ്രാരംഭ പ്രവർത്തനങ്ങൾ- കൺസൾട്ടൻസി ചാർജ് നൽകിയതിൽ കൺസൾട്ടന്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. | 1-25 |
| 31 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട നികുതികൾ കുറവു ചെയ്തതായി കാണുന്നില്ല. | 1-26 |

| | | |
|---|---|---|
| 32 | ലംപ്സം പ്രോവിഷൻ ഇട്ട് ഇൻവോയ്സുകൾ പ്രകാരം മൂല്യം രേഖപ്പെടുത്തിയ ഇനങ്ങൾക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിനാൽ അധികച്ചെലവ്-ഓഡിറ്റ് എൻക്വയറിയെ തുടർന്ന് അധികം ചെലവഴിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കി. | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബ |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>തിയതി 20.02.2021 | 7/2<br>തിയതി 11.03.2 |
| മുന്നിരിപ്പ് | 6283753 | |
| വരവ് | 261897241 | |
| ആകെ | 268180994 | |
| ചെലവ് | 265154481 | |
| നീക്കിയിരിപ്പ് | 3026513 | |

### 1-2-1 ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് കണക്ക്-അപാകതകൾ

15-ാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകകൾ വാർഷികക ഉൾപ്പെടുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ) ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ടൈഡ് ഇനത്തിൽ ലഭിച്ച 2934500 രൂപ രസീപ്റ്റ് & ഷെഡ്യൂളിൽ (RP-30) ഹെഡ്ഡ് 320200104 -ധനകാര്യക്കമ്മീഷൻ ബേസിക് ഗ്ര ഉൾപ്പെടുത്തിക്കാണുന്നു. ബാലൻസ് ഷീറ്റിൽ ബി4 ഷെഡ്യൂളിൽ ബാധ്യതയായി തുകയിലും ഇതിൻ പ്രകാരമുള്ള വ്യത്യാസം ഉണ്ടായിട്ടുണ്ട്.

ബി) ധനകാര്യക്കമ്മീഷൻ ഇ-ഗ്രാം സ്വരാജ് വൗച്ചർ റിപ്പോർട്ടിലും, അപ്രോപ്രിയേഷൻ ക രജിസ്റ്ററിലും ഉൾപ്പെട്ട ചില ചെലവ് തുകകളിൽ (പ്രൊജക്ട് 220/21-22, 219/21-22, 218/21-22 എന്നിവ പ്രകാരമുള്ള 5,50,866/-രൂപ) നിന്നും വിവിധ ടാക്സ് ഇനങ്ങളിൽ റിക്കവറി ചെയ്ത 19. 2022 ഏപ്രിൽ മാസത്തിലാണ് ബാങ്ക് ബുക്കിൽ പേയ്മെന്റ് ആയി കാണിച്ചിട്ടുള്ളത്. ഇ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ഗ്രാമ പഞ്ചായത്ത് വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

സി) പ്രൊജക്ട് നമ്പർ 209/22 പ്രകാരം ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നുമള്ള 31,400/- ര (Xvfc/21-22/P/6 14.3.2022) ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരമുള്ള പ്രസ്തുത പ്രൊജക്ട് ചെ ഉൾപ്പെട്ടിട്ടില്ല.

ഡി) ധനകാര്യക്കമ്മീഷൻ ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയും (1,02,58,287/-), സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയും ( 8 പൊരുത്തപ്പെടുന്നില്ല.

### 1-2-2 ട്രഷറി/ ബാങ്ക് റീ കൺസിലേഷൻ അപാകതകൾ

എ) ട്രഷറി /ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ റീകൺസിലേഷൻ പത്രിക തയ്യ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ബി) വിവിധ ട്രഷറി അക്കൗണ്ടുകളുടെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രിക തയ്യ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

ഡി) ഫെഡറൽ ബാങ്ക് അക്കൗണ്ട് - 19130200001091- പാസ്സ് ബുക്ക് കാലികമാക്കിയിട്ടില്ല. പൂ രേഖപ്പെടുത്തൽ വരുത്തിയ പാസ്സ് ബുക്ക് അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് പരിശോ ലഭ്യമാക്കേണ്ടതാണ്.

ഇ) ചുവടെ ചേർത്ത ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ പാസ്സ് ബുക്കുകൾ/സ്റ്റേറ്റ്മ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

എസ്.ബി.ഐ -67088436833 -നീക്കിയിരിപ്പ് 6,32,896

കാനറബാങ്ക് -725101067528 – നീക്കിയിരിപ്പ് 0

ഫെഡറൽ ബാങ്ക് -191310100068505- നീക്കിയിരിപ്പ് -7,774/-

ട്രഷറി അക്കൗണ്ട് -വി.പി.എഫ് - നീക്കിയിരിപ്പ് 578/-

എഫ്) സ്റ്റേറ്റ് ബാങ്ക് ഇ പേയ്മെന്റ് അക്കൗണ്ടിന്റെ വർഷാന്ത്യ റീകൺസിലിയേഷൻ പത്രി "Cheque Deposited But Not Collected" എന്നയിനത്തിൽ ഉൾപ്പെടുത്തിയ 23,122/- രൂപയുടെ പരിശോധിക്കുക . 09/21, 10/21, 11/21, 12/21 എന്നീ മാസങ്ങളിൽ വരവ് വന്ന തുകകളും തുകയിൽ ഉൾപ്പെട്ടുകാണുന്നു.

ജി) സായംപ്രഭാ ഹോം ബാങ്ക് അക്കൗണ്ടിലെ ( ബാങ്ക് ഓഫ് ബറോഡ) 31.03.2022 ലെ നീക്ക 19,837/- രൂപയാണ്. പ്രസ്തുത അക്കൗണ്ടിൽ ലഭിച്ച പലിശ തുക 5,37/- രൂപ 3 ഹെഡ്ഡുകളിലായാണ് വരവിലെടുത്തിട്ടുള്ളത്. ആയതിനുള്ള കാരണം വിശദമാക്കേ പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റിൽ ബാധ്യതയിൽ കാണുന്നില്ല. ബാലൻസ് ഷീറ്റിൽ ബി.4 ഷെഡ്യൂളിൽ ബാധ്യതയിൽ ഉൾപ്പെട്ട 136 പദ്ധതിയുമായി ബന്ധപ്പെട്ട തുകയാണോ എന്ന് പരിശോധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-2-3 ബാലൻസ് ഷീറ്റ് ബാധ്യതയിൽ ഉൾപ്പെട്ട തുകകൾ- സംബന്ധിച്ച്

എ) ബാലൻസ് ഷീറ്റിൽ ബി.9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്കും മറ്റ് ഏജൻസികളി ഒടുക്കുവാനുള്ള തുകയായി കാണിച്ചിരിക്കുന്ന ചുവടെ ചേർത്ത തുകകൾ ഒടുക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഹെഡ്ഡ്.നം | തുക |
|---|---|---|
| 1 | 350200203 | 6322 |
| 2 | 350200205 | 9428 |
| 3 | 350200206 | 11031 |
| 4 | 350200207 | 4918 |
| 5 | 350200208 | 3315 |
| 6 | 350300101 | 249806 |
| 7 | 350300104 | 42078 |
| 8 | 350300111 | 28 |
| 9 | 350300112 | 90 |
| 10 | 350300199 | 6945 |

ബി) 2021-22വാർഷിക ധനകാര്യപത്രിക പ്രകാരം MP/MLA ഫണ്ടിനത്തിൽ 12,73 ബാധ്യതയായി ഷെഡ്യൂൾ ബി-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക കൈകാര്യം ചെ പ്രത്യേക ബാങ്ക് അക്കൗണ്ട് 18.11.2017 ന് ക്ലോസ്സ് ചെയ്ത് പ്രസ്തുത തുക തനത് ഫണ്ട് അക്ക ഒടുക്കിയിട്ടുള്ളതാണ്. പ്രസ്തുത തുക ബന്ധപ്പെട്ട ഏജൻസിയിലേയ്ക്ക് തിരികെ ബാധ്യതയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

സി) 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ബി.18 ഷെഡ്യൂളിൽ ഹെഡ്ഡുകളിലായി ഉൾപ്പെട്ട ₹11,935/-, ₹8,000/-എന്നീ തുകകൾ മുൻ വർഷങ്ങളിലും ഇതേ രീ തന്നെ ഈ ഷെഡ്യൂളിൽ ഉൾപ്പെട്ടുകാണുന്നു. മേൽ തുകകളുടെ കൃത്യത പരി ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. അതു പോലെ (ഹെഡ്ഡ് 4 കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച തുകകളുമായി ബന്ധപ്പെട്ട പ്രവൃത്തി പൂർത്ത വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ബി.18 ഷെഡ്യൂളിൽ ആവശ്യമായ ക്രമ വരുത്തേണ്ടതാണ്

## 1-2-4 മറ്റ് അപാകതകൾ

എ) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ വാർഷിക ധനകാര്യപത്രികയോ
സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധ
അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുക
വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറ
തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചി

ബി) 22-23 വർഷം ചെലവായ തുക 2021-22 വർഷം തന്നെ സുലേഖ ചെലവ് പത്രി
ഉൾപ്പെടുത്തിയിരിക്കുന്നു.

അങ്കണവാടി നെയിംബോർഡ് സ്ഥാപിക്കൽ പദ്ധതിയ്ക്കായി പ്രൊജക്ട് നം 228/22 പ്രകാര
രൂപ ചെലവായതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ
പ്രസ്തുത ചെലവ് സ്പിൽ ഓവർ പദ്ധതി മുഖേന 2022-23 വർഷമാണ് (പ്രൊ.നം.79/22-23) നടന്നി
2021-22 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് തെറ്റായി ഉൾപ്പെടുവാൻ
കാരണം വിശദമാക്കേണ്ടതാണ്.

സി) രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-25 Prior Period Item ഇനത്തിൽ ഉൾപ്പെടുത്തിയ
12,966 രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല
ഡി) ലൈഫ് ഭവന പദ്ധതി വായ്പാ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയത് കാലി
പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-5 സാംഖ്യ - ILGMS പോർട്ടിംഗ്

06.09.2021നാണ് ഗ്രാമ പഞ്ചായത്തിൽ ILGMS നിലവിൽ വന്നത് ഇതുമായി ബ
നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

A) സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), ന
ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളു. ബാക്കി
ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെ
ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Tim
നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോ
സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.
B) ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ്
പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും " Amount Payble To Other Creditors" എന്ന ഹെ
അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേ
തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ
പ്രതിഫലിക്കുകയുള്ളൂ. 01.04.2021 മുതൽ ILGMS നിലവിൽ വന്ന തീയതിവ
ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

C) സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക
രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ
സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിര
രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ
സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളു. ആയതിനാൽ വൗച്ചറുകളുടെ
പരിശോധനവിധേയമാക്കാൻ പ്രയാസം അനുഭവപ്പെടുന്നുണ്ട്. ഉദാഹരണത്തിന് 2021 ഏ
മുതൽ 2022 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യ
തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

D) അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ILGMSൽ
പിരീഡിൽ ഉൾപ്പെടുത്തിയിട്ടില്ല.
E) തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ
പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ്
എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് ക
ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്
വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഉ
പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

F) അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾ അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബ ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെ അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ.

G). കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യാഗസ്ഥരുടെ സീറ്റ് - റോൾ - മാപ്പിംഗ് ഐ.എൽ.ജി.എം.എസിൽ നടത്തിയിട്ടില്ല.

(H)സാഖ്യയിൽ ഉൾപ്പെട്ട ആസ്തികൾ ILGMSലേയ്ക്ക് പോർട്ട് ചെയ്യപ്പോൾ ഉല്പാദനം, പശ്ചാത്തലം, മറ്റ് ആസ്തികൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ആസ്തികൾ തരംതിരിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 32527313 |
| വരവ് | 149146335 |
| ആകെ | 181673648 |
| ചെലവ് | 147152865 |
| നീക്കിയിരിപ്പ് | 34520783 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

**എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2021-22)**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21011000 | 21011000 | 21011000 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 854000 | 854000 | 839922 | 14078 | 98.35 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5893000 | 5893000 | 5893000 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8312483 | 8312483 | 8089666 | 222817 | 97.31 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 22791000 | 22791000 | 21194009 | 1596991 | 92.99 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -ട്രഷറി | 0 | 501663 | 501663 | 281428 | 220235 | 56 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 5152528 | 5152528 | 4191726 | 960802 | 81.35 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് -ബാങ്ക് | 0 | 3912000 | 3912000 | 2397437 | 1514563 | 61.28 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) ബാങ്ക് | 0 | 5869000 | 5869000 | 1203282 | 4665718 | 20.50 |

| ആകെ | 0 | 74296674 | 74296674 | 65101470 | 9195204 | 87.62 |
|---|---|---|---|---|---|---|

(വികസന ഫണ്ട് ജനറൽ (₹21,01,111), എസ്.സി.പി (₹15,277) , ടി.എസ്.പി (₹1,( എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുക മേൽപട്ടികയിൽ വരവിലും ചെ ഉൾപ്പെടുത്തിയിട്ടുണ്ട്. )

**ബി)ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18909889 | 18909889 | 18909889 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 838723 | 838723 | 838723 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5786056 | 5786056 | 5786056 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8089666 | 8089666 | 8089666 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 21194009 | 21194009 | 21194009 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ട്രഷറി | 0 | 281428 | 281428 | 281428 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) ട്രഷറി | 0 | 4191726 | 4191726 | 4191726 | |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 0 | 3912000 | 3912000 | 2397437 | 1514563 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) ബാങ്ക് | 0 | 5869000 | 5869000 | 1203282 | 4665718 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് - പലിശ | 0 | 87526 | 87526 | 0 | 87526 |
| **ബിഫണ്ട്** | | | | | |
| തൊഴിൽ രഹിത വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹ ധനസഹായം | 0 | 210000 | 210000 | 210000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 497379 | 4135600 | 4632979 | 2876061 | 1756918 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 315736 | 3353750 | 3669486 | 3353750 | 315736 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 5721 | 2007848 | 2013569 | 2013569 | 0 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 1754728 | 1190701 | 2945429 | 353647 | 2591782 |

| | | | | | |
|---|---|---|---|---|---|
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 180000 | 0 | 180000 | 0 | 180000 |
| പൈക്ക | 19300 | 537 | 19837 | 0 | 19837 |
| വെസ്റ്റേൺ ഗാട്ട് | 4212 | 0 | 4212 | 0 | 4212 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| സാക്ഷരത | 1185 | 0 | 1185 | 0 | 1185 |
| ശുചിത്വ മിഷൻ | 2337821 | 170000 | 2507821 | 71250 | 2436571 |
| ജല നിധി | 17854573 | 3308801 | 21163374 | 10928990 | 10234384 |
| എസ്സ്ടി കോർപ്പസ് ഫണ്ട് | 3151160 | 0 | 3151160 | 1520870 | 1630290 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം & മറ്റിനങ്ങൾ | 614381 | 17787544 | 18401925 | 15156525 | 3245400 |
| വിവിധ അവാർഡ് തുകകൾ | 757981 | 200000 | 957981 | 0 | 957981 |
| അഗതി ആശ്രയ ചലഞ്ച് ഫണ്ട് | 0 | 1333091 | 1333091 | 1333091 | 0 |

കുറിപ്പ് :

1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2021-22 വർഷം 1,48,07,668/- രൂപ വരവുണ്ട് .

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ എന്നീയിനങ്ങളിൽ 2021-22 വർഷം 6.47,14,016/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടി നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2021-22 വർഷം 8,01,42,200/- രൂപ ഗുണഭോക്താ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്.
(ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6)

## 1-5 പദ്ധതി അവലോകനം.

### ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 205345611 | 188 | 98092457 | - | 43 | 81.38 |

### നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവ

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 30 | 12128613 | 25 | 8022302 | 66.14 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 2434432 | 6 | 2401227 | 98.63 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 129 | 51943642 | 99 | 34114803 | 65.67 |
| 4 | കൃഷി ഓഫീസർ | 6 | 5698730 | 6 | 4083920 | 71.66 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 3886020 | 9 | 2247842 | 57.84 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 110474344 | 17 | 31810761 | 28.79 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4812200 | 5 | 4184054 | 86.94 |
| 8 | പ്രധാനധ്യാപകൻ | 5 | 1113500 | 4 | 939872 | 84.40 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 1850000 | 4 | 1850000 | 100 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 9 | 4647130 | 9 | 4577784 | 98.50 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 900000 | 1 | 900000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2400000 | 1 | 2300000 | 95.83 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 3057000 | 2 | 659884 | 21.58 |
| | **ആകെ** | **231** | **205345611** | **188** | **98092457** | **47.76** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 5721 | 2007848 | 2013569 | 2013569 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 6,47,14,016 | 6,47,14,016 | 6,47,14,016 | 0 |
| ആകെ | 5721 | 66721864 | 66727585 | 66727585 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷ പദ്ധതികളുൾപ്പെടുന്ന 210.74 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ (അഡീഷണ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 201878 ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1097 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| | | |

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 12059400 | 638 |
| വിധവാപെൻഷൻ | 25844200 | 1376 |
| വാർദ്ധക്യകാലപെൻഷൻ | 33747400 | 1969 |
| വികലാംഗപെൻഷൻ | 7364800 | 401 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1126400 | 55 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബ പരിശോധന 25-11-2022 തീയതിയിൽ 2.06p.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 10,394/- രൂപയുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) 07.02.2014ലെ ഉത്തരവ് നം. എ2/1253/13 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം വിശദമായ ഉത്തരവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. പിന്നീട് നിര ഉത്തരവുകൾ പ്രകാരം ഓഫീസ് ഉത്തരവിൽ കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങ മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടു

3) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജി സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട് . വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ മ റീകൺസിലിയേഷൻ നടത്തി സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന പാലിച്ചിട്ടില്ല. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചാ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ ക്യ രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യ സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിര സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദി അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാ പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിയിൽ ചില അപാ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

4) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്ര പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2021-22 വർഷം 2 02/07/2021, 13/08/2021, 25/09/2021, 28/10/2021, 27/11/2021, 24/12/2021, 01/02/2022, 18/02/2022 തിയതികളിൽ ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ കൃ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

5) ഓഡിറ്റ് വർഷം ഭരണ സമിതി 38 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേ പൊതുമരാമത്ത് , ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികള പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതി

ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗക വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-B1(I) പ്രകാരം പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

6) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 6 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. മോണിറ്ററിംഗ് സമിതി ഓഡിറ്റ് വർഷം 24.09.2021, 27.12.2021, 07.01.2022, 28.03.2022, തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 17/04/2021, 07/09/2021, 13/09/2021, 13/10/2021, 2 09/02/2022, 25/02/2022 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടപട പ്രൊക്യൂർമെന്റ് കമ്മിറ്റി സജീവമായി ഇടപെടാറുണ്ട്.

8) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണ എത്താൻ സാധിച്ചിട്ടില്ല.

9) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ സൂക്ഷിക്കുന്നുണ്ട്.

10) തെരുവ് വിളക്കുകളുടെ ചാർജ്ജിനത്തിൽ ഭീമമായ തുക ഗ്രാമ പഞ ഒടുക്കുന്നുണ്ടങ്കിലും, സംയുക്ത പരിശോധന നടത്തി അതനുസരിച്ച് പ്രതിമാസ ക്രമപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) ക്ഷേമ പെൻഷൻ വാങ്ങിവരുന്ന ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യ കാലതാമസം കൂടാതെ പെൻഷൻ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരി ശ്രദ്ധിക്കേണ്ടതാണ്

12) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ട മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നി ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക ന ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നി സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകന ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(Ii)എ (I)വകുപ്പ് പ്രകാ പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർ പക്ഷം പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ ഈടാക്കേണ്ടതാണ്.2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ . ഗ്രാമ പഞ്ചായത്തി ഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 വർഷത്തിൽ ( ഒന്നും രണ്ടു വർഷം) ഈടാക്കിയിട്ടില്ല .വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥലം , കള്ളു ഷാപ്പ് നമ്പർ | പേരും മേൽവിലാസവും |
|---|---|---|
| 1 | TS NO 9<br>ചോയ്യങ്കോട് | രഘുഇ.കെ..ഇലവുകുന്നേൽ, പെരിയങ്ങാനം |
| 2 | TS NO 7<br>കൊല്ലമ്പാറ | രഘുഇ.കെ..ഇലവുകുന്നേൽ, പെരിയങ്ങാനം |

| | | |
|---|---|---|
| | | |
| 3 | TS NO 45 കാട്ടിപ്പൊയിൽ | രഘുഇ.കെ..ഇലവുകുന്നേൽ, പെരിയങ്ങാനം |

മേൽ കള്ളുഷാപ്പുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-11 നിയമാനുസൃത പെർമ്മിറ്റ് ഫീസ് അടവാക്കാത്ത കെട്ടിടത്തിനു കെട്ടിട അനുവദിച്ചു.

പരപ്പ വില്ലേജിൽ 40/1k, 50/1B സർവ്വേ നമ്പറിൽ ശ്രീ. ജോസ് അബ്രഹാം എന്ന ഉടമസ്ഥതയിലുള്ള ഗ്രൂപ്പ് A2/F ഗണത്തിൽ ഉൾപ്പെട്ട കെട്ടിടത്തിന് അനുവദന അനുപാതത്തിലും അധികം വരുന്ന കെട്ടിട വിസ്തീർണ്ണത്തിന് കെ.പി.ബി.ആർ 2011 പ്രകാരമുള്ള അധിക ഫീസ് ഇനത്തിൽ 22,91,700/- രൂപ ഈടാക്കേണ്ടതാണെന്നുള്ള വിവര ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-1 ൽ പരാമർശിച്ചിട്ടുള്ളതാണ്. പ്രസ്തുത വിഷയം ന നിയമസഭാ സമിതിയുടെ പരിഗണനയിലുമാണുള്ളത്. എന്നാൽ ഓഡിറ്റ് റിപ്പേ ചൂണ്ടിക്കാണിച്ച ചട്ടപ്രകാരമുള്ള തുക ഈടാക്കാതെ പ്രസ്തുത കെട്ടിടത്തിനു അനുവദിച്ചതായി കാണുന്നു. തുക ഈടാക്കാതെ ഇപ്രകാരം നമ്പർ അനുവദ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 02.12.2022 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി ലഭ്യമാക്കിയ മറുപടിയിൽ തുക ഈടാക്കുന്നതിന് അപേക്ഷകന് ആർ.ആർ നൽകിയിരുന്നുവെന്നും തുടർന്ന് ടിയാൻ ബഹു. ഹൈക്കോടതിയെ സമീപിക്കുക കെട്ടിടം എ1 എഫ് ഗണത്തിൽ പെട്ടതാണോ എ2/എഫ് ഗണത്തിൽ പെട്ടതാണോ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാവുകയും തുക അടവാക്കുന്നതി അപേക്ഷകനു സ്റ്റേ ഓർഡർ ലഭിക്കുകയും ചെയ്തു. മാത്രവുമല്ല അനുവദിച്ച പെർമിറ്റിനേ വിസ്തീർണ്ണം കുറച്ചിട്ടാണ് കെട്ടിടം പൂർത്തിയാക്കിയിട്ടുള്ളത് എന്നും ബഹു. ഹൈക്കോട വിധി പ്രകാരം ഫീസ് അടവാക്കേണ്ടതുണ്ടങ്കിൽ ആയത് അടവാക്കുന്നതാണെന്ന് കെട്ട നോട്ടറി സത്യവാങ്മൂലം സഹിതം അറിയിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയ പ്രസ്തുത മറുപടി ചുവടെ പറയും കാരണങ്ങളാൽ അംഗീകരിക്കാനാവുന്നതല്ല.

ടി കെട്ടിട നിർമ്മാണത്തിന്റെ ലേ-ഔട്ട് അംഗീകാരം നൽകിയതിൽ വ്യക്തത വരുത്ത ആവശ്യപ്പെട്ട് കൊണ്ട് ടൗൺ പ്ലാനർക്ക് നൽകിയ കത്തിനു കാസറഗോഡ് ജില്ലാ ടൗൺ പ്ല 03.11.2022 തീയ്യതിയിലെ TCPKSD/489/2022-C നം പ്രകാരം ലഭ്യമാക്കിയ മറുപടിയിൽ കെട്ട സമർപ്പിച്ച പ്ലാനുകളിൽ ഗ്രൂപ്പ് എ2 ൽ ഉൾപ്പെട്ട ലോഡ്ജിംഗ് മുറികളും, ഗ്രൂപ്പ് എഫ്-ൽ വാണിജ്യ ഉപയോഗങ്ങളും ഉള്ളതിനാലാണ് ഗ്രൂപ്പ് എ2, എഫ് എന്ന രേഖപ്പെടുത്തിയിരിക്കുന്നത് എന്നും കെ.പി.ബി.ആർ 2011 ചട്ടം 34(2)(Iii) പ്രകാരം ഒന്നിൽ ക ഉപയോഗങ്ങൾ ഉള്ള കെട്ടിടത്തിന്റെ സംഗതിയിൽ, ഏറ്റവും നിയന്ത്രിത ഗ ഉൾപ്പെടുത്തേണ്ടതാണ് എന്നും ആയതിനാൽ ചട്ടങ്ങൾ ഓരോന്നും പരിഗണിക്ക ഏതിനാണോ ഏറ്റവും കൂടുതൽ നിയന്ത്രണം ആവശ്യമായി വരുന്നത് അ പരിഗണിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനറുടെ പ്രസ്തുത 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 ലെ പരാമർശം ശരിവെക്കുന്നതാണ്.

കൂടാതെ കെ.പി.ബി.ആർ 2011 ചട്ടം 11 (3) പ്രകാരം സൈറ്റുകളുടേയും പ്ലാനുക അംഗീകാരം അപേക്ഷകനെ അറിയിക്കുകയും II ാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ന പെർമ്മിറ്റ് ഫീസ് ഒടുക്കുകയും പരിഷ്കരിച്ചതോ ഭേദഗതി വരുത്തിയതോ ആയ പ്ല ഭേദഗതിയോടു കൂടിയോ ഉപാധികളോട് കൂടിയോ അംഗീകരിച്ചിട്ടുണ്ടെങ്കിൽ സമർപ്പിക്കുമ്പോൾ അനുബന്ധം C-യിലുള്ളതു പോലെ പെർമിറ്റ് നൽകേണ്ടത വ്യക്തമാക്കുന്നുണ്ട്. ആയതു പ്രകാരം അനുവദനീയമായ അനുപാതത്തിലും അധികം കെട്ടിട വിസ്തീർണ്ണത്തിന് കെ.പി.ബി.ആർ 2011 പട്ടിക II പ്രകാരമുള്ള അധിക ഉൾപ്പെടെയുള്ള പെർമിറ്റ് ഫീസ് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്ന വേള ഈടാക്കേണ്ടിയിരുന്നത്.

കൂടാതെ ടി വിഷയം നിയമസഭാ സമിതിയുടെ പരിഗണനയിലുള്ളതിനാൽ സമി നിർദ്ദേശാനുസരണം മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. നി

സമിതിയിൽ നിന്നും അന്തിമ തീരുമാനം ലഭ്യമാക്കുന്നതിനനുസൃതമായി തുടർനട
സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-12 തെരുവ് നായ നിയന്ത്രണ പദ്ധതി വിഹിതം നൽകിയത് വിനിയോഗിച്ചി

തെരുവ് നായ നിയന്ത്രണ പദ്ധതിയുടെ ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ പ്രൊജ 207/2022 പ്രകാരം 1,00,000/- രൂപ (വൗച്ചർ നം.22100229/24.11.2021) കാസറഗോഡ് ജില്ലാ പഞ്ചാ കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ന കത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.(25/5/ സി.എ.01/21 നമ്പർ കത്ത്) . ഇതു പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം പരിശോ ലഭ്യമാക്കേണ്ടതാണ്. ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ 21.10.2022 ലെ DAHO/KSD/1575/22/- വിനിയോഗ സാക്ഷ്യപത്രം പ്രകാരം തൻവർഷം ഗ്രാമ പഞ്ചായത്ത് നൽകിയ തുക വിനി കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് കൈമാറിയ തുകയുടെ വി സാക്ഷ്യപത്രം , ഗ്രാമ പഞ്ചായത്ത് പരിധിയിൽ പദ്ധതിപ്രകാരം ഏറ്റെടുത്ത പ്രവർത്ത സംബന്ധിച്ച റിപ്പോർട്ട് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നട സ്വീകരിക്കേണ്ടതാണ്.ആയതുവരെ പദ്ധതിയ്ക്കായി കൈമാറിയ 1,00,000/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-13 തുക നൽകി ഒരുവർഷമായിട്ടും പ്രിന്റർ ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം.202/22 പ്രകാരം തൊഴിലുറപ്പ് പദ്ധതി ഓഫീസിലേയ്ക്ക് പ്രിന്റർ/സ്കാ മുഖേന വാങ്ങുന്നതിനായി പ്രൊഫോമ ഇൻവോയ്സ് നം. TVM/ITBG/PI/RC/31221/20-21 Dt.21.10.21 14,138/- രൂപ (വൗച്ചർ നം.22100248/30.11.2021) കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ ഉ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല . ഉപകരണം ലഭിക്കാത്തതിനാൽ തുക തിരികെ ല 23.08.2022 ന് ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക തിരികെ ലഭ്യമ ഉപകരണം ലഭ്യമാകാത്ത സാഹചര്യത്തിൽ തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നട സ്വീകരിച്ച് മറുപടി ലഭ്യമാക്കുന്നതുവരെ 14,138/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-14 വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി

എ) പ്രൊ.നം 269/22 പ്രകാരം ഗ്രാമ പഞ്ചായത്തിലെ കൊല്ലമ്പാറ മുതൽ മുക്കട വരെ വൈ ലൈൻ ദീർഘിപ്പിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 2,92,537 രൂപയും, നം...01413415/22.03.2022) ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും 16,32,000 രൂപയും (വൗ.നം 22/P/8/22.3.2022) കെ.എസ്.ഇ.ബി ചോയ്യംകോട് സെക്ഷന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്ത വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ

ബി) പ്രൊ.നം 54/22 പ്രകാരം മുണ്ട്യക്കാവ് അമ്പലം റോഡ് നവീകരണത്തിന്റെ ഭ വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 17,947 (വൗ.നം.22100613/05.3.2022) കെ.എസ്.ഇ.ബി രാജപുരം സെക്ഷന് നൽകിയിട്ടുണ്ട്. പ്ര പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നട സ്വീകരിക്കേണ്ടതാണ്.
വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ മേൽ പ്രകാരം കെ.എസ്.ഇ. നിക്ഷേപിച്ച 19,42,484/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

### 1-15 ജല നിധി പദ്ധതി - കുടിവെള്ളമില്ലാതെ 18 പദ്ധതികൾ

20 കോടിയോളം രൂപ ചെലവഴിച്ച് 2014-15 മുതൽ 2018-19 വരെയുള്ള കാലയളവി പഞ്ചായത്തിൽ നടപ്പിലാക്കിയ ജലനിധി പദ്ധതിപ്രകാരം 34 പദ്ധതികളാണ് ക ചെയ്തിട്ടുള്ളത്. പൂർത്തീകരിച്ച 34 പദ്ധതികളിൽ ചുവടെ ചേർത്ത 18 പദ്ധതികളിൽ ന കുടിവെള്ളം ലഭ്യമല്ല .

| ക്രമ നം | പദ്ധതിയുടെ പേര് |
|---|---|
| 1 | ചായ്യോം ചേലക്കാട് |
| 2 | ചായ്യോത്ത് കുണ്ടാരം |
| 3 | ചോയ്യംകോട് പോണ്ടിയിൽ |
| 4 | കൂവാറ്റി |

| | |
|---|---|
| 5 | ചെറുവ |
| 6 | കിളിയളം മൊട്ടക്കുന്ന് |
| 7 | കാറളം |
| 8 | മേക്കാറളം പള്ളം |
| 9 | ഓമച്ചേരി പാറക്കോൽ |
| 10 | മഞ്ഞളം കാട് |
| 11 | കയനി അണ്ടോൾ |
| 12 | വരയിൽ പാലിലൊട്ടി |
| 13 | പന്നിയെറിഞ്ഞ കൊല്ലി |
| 14 | കൂളിപ്പാറ |
| 15 | വെള്ളരിക്കുണ്ട് |
| 16 | കുമ്പളപ്പള്ളി |
| 17 | ചെമ്പേന |
| 18 | ആവുള്ളക്കോട് |

കമ്മീഷൻ ചെയ്ത് ചുരുങ്ങിയ കാലയളവിനുള്ളിൽ കുടിവെള്ള ലഭ്യത ഇല്ലാതായ പദ്ധതികൾ ജലനിധി രണ്ടാംഘട്ടം സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെ നവീകരിക്കുന്നതിനായി 1.61 കോടി രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് സർക്കാർ അ നൽകിയിട്ടുണ്ട്.(GO(Rt)No.838/22)WRD Dt.17.09.2022) ആയതിന്റെ പ്രാരംഭ പ്രവർത്ത നടന്നുവരികയുമാണ്. ജല നിധി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക (31.3.2022 ൽ 1,( രൂപ) സുസ്ഥിര പദ്ധതിയ്ക്കായി വിനിയോഗിക്കുമെന്നാണ് അധികൃതർ അറിയിച്ച് കാസറഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി (ജില്ലാ കലക്ടറുടെ 28.3.2018 ലെ KDP/ ഉത്തരവ് പ്രകാരം) ലഭ്യമായ 1 കോടി രൂപ പ്രവൃത്തികൾ പൂർത്തിയായ വിനിയോഗിക്കാൻ സാധിക്കാതെ 25/6/2021 ന് തിരികെ അടയ്ക്കുകയുണ്ടായി. പ്രസ്തു ലഭ്യമായ ശേഷം 2018-19 വർഷം പദ്ധതിക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം ഇനത്തിൽ 11.3 രൂപ വികസന ഫണ്ടിൽ നിന്നും കൈമാറിയിരുന്നു. ഈ തുക കാസറഗോഡ് വ പാക്കേജിൽ നിന്നും ലഭ്യമായിരുന്ന തുകയിൽ നിന്നും വകയിരുത്തിയിരുന്നു വികസനഫണ്ടിൽ നിന്നുമുള്ള 11.33 ലക്ഷം രൂപ മറ്റ് പദ്ധതികൾക്കായി ഗ്രാമപഞ്ചാ വിനിയോഗിക്കാമായിരുന്നു.

വിശദമായ പഠനം നടത്തി ഡി.പി.ആർ തയ്യാറാക്കി നിർവ്വഹണം നടത്തിയ പ്രവൃത്ത അടിസ്ഥാന ആവശ്യമായ കുടിവെള്ളം ലഭ്യമല്ലാതെ വന്നത് സംബന്ധിച്ച് ഭരണ തലത്തിലും, നിർവ്വഹണ ഏജൻസിയായ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനി ഏജൻസി മുഖേനയും പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. പ്ര നിർവ്വഹണത്തിന് നേരത്തെ തന്നെ മതിയായ ഗ്രാമ പഞ്ചായത്ത് വ ചെലവഴിച്ചിട്ടുള്ളതാണ്. സുസ്ഥിരത പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് പ്രവൃ ഏറ്റെടുക്കുന്നതിന് മുമ്പായി ജല ലഭ്യത സംബന്ധിച്ച് ശാസ്ത്രീയ പഠനം ഗുണഭോക്തൃസമിതികളുടെ പൂർണ്ണസഹകരണത്തോടെ, ഗ്രാമ പഞ്ചായത്തിന് അധിക ബ വരാത്ത വിധം പ്രവൃത്തികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതും, കോടികൾ നടപ്പിലാക്കുന്ന ഇത്തരം പദ്ധതികൾ നിഷ്ഫലമായി പോകാതിരിക്കാൻ ഭരണ സമിതി ത ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-16 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിലെ 2020-21, 2021-22 വർഷം ഡെത്ത് രജിസ് ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മര ശേഷവും കർഷക പെൻഷന്റെയും വിവിധ സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും കാണുകയുണ്ടായ 21,2021-22 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവ

2020-21,2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യ ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എ ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാ അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് ന നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | മാസം | അനുവദിച്ച തുക |
| 1 | ഐസബി.സി.എച്ച് (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112120201415 | 23.09.2020 | 2020 ഒക്ടോബർ മുതൽ 2021 ജൂൺ വരെ | 600 X 9 5,400 |
| 2 | ടി.വി.കുഞ്ഞമ്പു (കർഷക തൊഴിലാളി പെൻഷൻ) | 112120100859 | 03.07.2020 | 2020 ആഗസ്റ്റ് | 1,300 X 1 1,300 |
| | | | | 202സെപ്തംബർ മുതൽ 202ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | 2021 ജനുവരി | 1,500 X 1 1,500 |
| 3 | സ്കറിയ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112120201442 | 01.03.2020 | 2020 ഏപ്രിൽ മുതൽ 2020 ജൂൺ വരെ | 600 X 3 1,800 |
| | | | | 2020 ജൂലായ് മുതൽ 2020സെപ്തംബർ വരെ | 1,500 X 3 4,500 |
| | | | | **ആകെ** | **20,100** |

**<u>കർഷക പെൻഷൻ</u>**

കൃഷിഭവൻ മുഖേന പെൻഷൻ വാങ്ങിവരുന്ന ചില ഗുണഭോക്താക്കൾക്ക് മരണശേഷവും കർഷക വിതരണം ചെയ്യുന്നതായി കാണുകയുണ്ടായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കർഷക പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/ രജി.നം | മരണപ്പെട്ട ശേഷം പെൻഷൻ അനുവദിച്ച കാലയളവ് | തുക |
|---|---|---|---|---|---|
| 1 | കെ.നാരായണി | 2220257717 | 17.11.2020 രജി.നം.123/2020 | 2020ഡിസംബർ മുതൽ 2022സെപ്തംബർ വരെ | 34,700 |

| | | | | | |
|---|---|---|---|---|---|
| 2 | കെ.കുഞ്ഞമ്പു നായർ | 2220257744 | 15.10.2021 രജി.നം.135/2021 | 2021 നവംബർ മുതൽ 2022 ജൂൺ വരെ | 12,800 |
| | | | | **ആകെ** | **47,500** |
| **ആകെ 20,100 + 47,500 = 67,600/-** | | | | | |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയു വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാ ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാ തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വ ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമത (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13)

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാ വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.12/ ഗ്രാമപഞ്ചായത്ത് നൽകിയ മറുപടിയിൽ മരണപ്പെട്ട ശേഷവും കൈപ്പറ്റിയ പെൻഷ തിരിച്ചടവാക്കുന്നതിന് ഇവരുടെ അനന്തരാവകാശികൾക്ക് നോട്ടീസ് അയച്ചി അറിയിച്ചിട്ടുണ്ട്. സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ ഇനത്തിൽ നൽകിയ തുകയായ **67,600/-**രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് ത വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2020-21,2021-22 വർഷത്തെ രജിസ്ട്രേഷൻ രജിസ്ട്രറിൽ 297 മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രക വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആ പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ട നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയു മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-17 എസ്.എസ്.കെ.വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥ: ഹെഡ്മിസ്ട്രസ്

പദ്ധതി നമ്പർ: 109/22(സമഗ്ര ശിക്ഷാ കേരള -വിഹിതം നൽകൽ)

അടങ്കൽ:₹6,00,000(വികസനഫണ്ട്-ജനറൽ)

ചെലവ്:₹6,00,000

ബിൽനമ്പർ: 1/21-22, തീയതി 23-07-21

ബിൽപ്രകാരമുള്ള ₹6,00,000 സമഗ്രശിക്ഷാകേരളയുടെ സ്റ്റേറ്റ് പ്രോജക്ട് ഡയ അക്കൗണ്ടിലേക്ക് (0819101104302) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിന സംബന്ധിച്ച സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുത ₹6,00,000 രൂപ തടസ്സത്തിൽവെക്കുന്നു.( ഓഡിറ്റ് എൻക്വയറി നം.17, തീയ്യതി 1-12-22 )

## 1-18 തുക മുൻകൂറായി നൽകിയെങ്കിലും MGLC കൂളിപ്പാറയ്ക്ക് പ്രിന്റർ ലഭ്യമാക്കിയില്ല-ചെലവുതുക തടസ്സപ്പെടുത്തുന്നു.

പദ്ധതി നമ്പർ: 200/22 (MGLC കൂളിപ്പാറയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങൽ)

അടങ്കൽ:₹1,00,000 (തനത് ഫണ്ട്) (നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രധാനാധ്യാപകൻ)

ചെലവ്:₹78,411

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെക്കാണിച്ച പ്രകാരം 78,411 രൂപ കേരള സ്റ്റേറ്റ് IT മ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

1) ചെക്കുനമ്പർ 22100176/10-11-21, ₹42,153

2) ചെക്കുനമ്പർ 22100504/11-02-22, ₹36,258

എന്നാൽ, കമ്പ്യൂട്ടർ, യു.പി.എസ് എന്നിവ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പ്രിന്റർ ഇ ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാക്കുന്നതുവരെ അതിന്റെ വിലയായ 12,95 തടസ്സത്തിൽവെക്കുന്നു.(**ഓഡിറ്റ് എൻക്വയറി നം.16, തീയ്യതി 1-12-22)**

## 1-19 തുക മുൻകൂറായി നൽകിയിട്ടും ഹോമിയോ മരുന്ന് ലഭിക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം. | 24/2021-22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ |
| അടങ്കൽ | 9,00,000 |
| ചെലവ് തുക | 9,00,000 |
| ബിൽ നമ്പർ, തീയതി | (1) 1/2021-22-- 6,00,000 രൂപ, തിയ്യതി 17.12.2021<br>(2)2/2021-22--3,00,000 രൂപ, തിയ്യതി 15.03.2022<br>ആകെ തുക- 9,00,000 രൂപ |

മേൽ പ്രോജക്ടിൽ, ഹോമിയോ മരുന്ന് വാങ്ങുന്നതിനായി 9,00,000/-രൂപ ആലപ്പു കേരള സംസ്ഥാന ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ സ്ഥാപനത്തിന് മുൻകൂറായി കൈമാറിയിട്ടുണ്ട്. ഇതു പ്രകാരം ലഭ്യമാകേണ്ട മരുന്ന 3,10,555 രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെയായും ലഭ്യമായിട്ടുള്ളു. 5,89,445 രൂപയുടെ ഡിസ്പെൻസറിക്ക് ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ-ഹോമിയോ കൈമാറിയ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യത ഉ ഇതു സംബന്ധിച്ച മറുപടി ബന്ധപ്പെട്ട മരുന്നുകൾ സ്റ്റോക്കിലെടുത്ത രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-20 നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴു സൂക്ഷിക്കേണ്ടതാണ്.

**നിർവ്വഹണ ഉദ്യോഗസ്ഥൻ : ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ**

നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, 2021-22 വർഷത്തിൽ വളപ്പിൽ കുളത്തിൽ മൽസ്യ കൃഷി, ബയോ ഫ്ലോക് മൽസ്യ കൃഷി എന്ന പ്രൊജക്ടുകളിലായി തൻവർഷം ആകെ 6,59,884 രൂപ ചെലവഴിച്ചിട്ടുണ്ട് (അടങ്കൽതുക- ധനകാര്യ വകുപ്പിന്റെ 12.04.2006 ലെ 177/2006 നം. ഉത്തരവ് പ്രകാരം നിർവ്വഹണോദ്യോ ടിആർ7-എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ടുമെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയം സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് കണക്ക് രേഖപ്പെടുത്തണം പ്രകാരം അനുബന്ധം ബി.V-ൽ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കണം. എന്നാൽ നിർ ഉദ്യോഗസ്ഥനായ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ പ്രോജക്ട് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല .നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക്, രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

### 1.ലൈഫ് ഭവനപദ്ധതി-2018-19

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തെ ലൈഫ് ഭവനപദ്ധതിയിലുൾപ്പെ ഭവനനിർമ്മാണധനസഹായം കൈപ്പറ്റുകയും എന്നാൽ നാളിതുവരെയായി നിർ പൂർത്തിയാക്കുകയും ചെയ്യാത്ത രണ്ടു ഗുണഭോക്താക്കളുണ്ട്. വിശദാ ചുവടെക്കൊടുക്കുന്നു.

പ്രൊജക്റ്റ് നമ്പർ:74/19

നിർവ്വഹണം: വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | റുഖിയ,W/O ഇബ്രാഹിം, പുതിയപാട്ടിലത്ത്, കോളംകുളം | 40,000 | തറ പൂർത്തീകരിച്ചു. |
| 2 | റസിയ.കെ.വി, W/O സിദ്ദിഖ്, കിഴക്കേവീട്ടിൽ, റസാക്ക് ക്വാർട്ടേർസ്, കിനാനൂർ | 3,00,000 | ഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. |

നിർമ്മാണം തുടങ്ങി വർഷങ്ങൾ പിന്നിട്ടിട്ടും പൂർത്തീകരിക്കാനാവാത്തത് ഗൌരവമായി വിലയിരുത്തുന്നു. സാധ്യതകൾ ആരാഞ്ഞ് നിർമ്മാണ പൂർത്തീകര അടിയന്തര നടപടികൾ സ്വീകരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക ചെയ്യേണ്ടതാണ്.

### 2.ലൈഫ് ഭവനപദ്ധതി-2021-22

